ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

2010
ജൂലൈ
119

# ലിറ്റിൽ മാസിക




## വിത്തും കൈക്കോട്ടുമായി ഒരു ജൈവമനുഷ്യൻ

•

## ALTERNATIVE RADIO

Q101 the ALTER NATIVE



**വം**ശനാശം നേരിടുന്ന ജീവികളുടെ പ്രതീകമെന്ന നിലയിലാണ് പാൻഡ അറിയപ്പെടുന്നത്. ഓരോ ജീവിയും ഓരോ പ്രതീകങ്ങളാണ്. ഉറുമ്പ് കരുതിവെക്കലിന്റെ പ്രതീകമാകുമ്പോൾ, ശാഖകൾ നീട്ടി വളർന്നുനിൽക്കുന്ന മാവ് എന്തിനൊക്കെയാകും പ്രതീകവത്ക്കരിക്കുന്നത്? ലിറ്റിൽ മാസിക പ്രതീകവത്ക്കരിക്കുന്നതും ആവിഷ്കരിക്കുന്നതും ജീവിതത്തിലെ ചെറിയ കാര്യങ്ങളെയാണ്. ചെറിയ കാര്യങ്ങളെയെല്ലാം തള്ളിക്കളയാൻ പാടില്ലായെന്ന വിചാരമാണ് ലിറ്റിൽ മാസികയുടെ പത്രമാർഗം.

**കഥാധ്യാനം**



# കുരുവിയും കാട്ടുതീയും

**കാ**ട്ടിൽ തീ പടർന്നു.

പക്ഷികളും മൃഗങ്ങളും ജീവനുവേണ്ടി പരക്കംപാഞ്ഞു. ഒത്തിരി മൃഗങ്ങൾ കാട്ടുതീയിൽ വെന്തുമരിച്ചു. ഈ സമയത്ത് ഒരു കൊച്ചുകുരുവി മാത്രം പുഴയിൽനിന്നും തന്റെ കൊച്ചുചുണ്ടിൽ വെള്ളം നിറച്ചു ആളിക്കത്തുന്ന കാട്ടുതീ കെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. കുരുവി ഇതു പലതവണ ആവർത്തിച്ചു. ഇതുകണ്ട മഴദേവൻ കുരുവിയെ പരിഹസിച്ചുകൊണ്ട് ചോദിച്ചു: നീ എന്തു മായത്തമാണീ കാണിക്കുന്നത്? ഇത്തിരിപ്പോന്ന നിനക്ക് ഈ കാട്ടുതീ കെടുത്താനാവുമോ? കുരുവി പറഞ്ഞു: ഈ കാട്ടുതീ ഒത്തിരി പക്ഷികളുടെയും മൃഗങ്ങളുടെയും ജീവനെടുക്കുന്നത് അങ്ങ് കാണുന്നില്ലേ?

അങ്ങേയ്ക്ക് ശക്തമായ ഒരു മഴകൊണ്ട് ഈ കാട്ടുതീ അണയ്ക്കാം. ഞാൻ എനിക്കാവുന്നത് ചെയ്യുന്നു. ഇത്രയും പറഞ്ഞു കുരുവി തന്റെ ജോലി തുടർന്നു. തീ തന്റെ 'ജീവനെടുക്കും വരെ....'

*(വ്യാസനും വിഘ്നേശ്വരനും / ആനന്ദ്)*


2010

ജൂലൈ

ലക്കം 119

**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ., മലപ്പുറം - 679934

Ph: 04931-231493, 232780

Mob: 9946428284, 9995264564

email:littlemasika@gmail.com

•

ചീഫ് എഡിറ്റർ

**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ

**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ

**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ

**പി.എം. ജോൺ**

പത്രാധിപ സമിതി

**സതീഷ് ചളിപ്പാടം**

**മനോഹർ വർഗീസ്**

**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്

**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്

**ജസീല**

ലേഔട്ട്

**റസീസ് അഹമ്മദ്**

പ്രിന്റിംഗ്

**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**

**9895117614**

•


**വീണ്ടും വായിക്കാൻ**

**കുരീപ്പുഴ ശ്രീകുമാർ**

# എവറെഡി വാങ്ങുമ്പോൾ



**ലിറ്റിൽ മാസിക 2001 ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ച പ്രതികരണം പംക്തിയിൽനിന്ന്.**

ഉപ്പുസത്യാഗ്രഹം, വൈക്കം സത്യാഗ്രഹം, മാവൂർ സമരം, തങ്കമണി സംഭവം ഇവയൊക്കെ മറന്നതുപോലെ ഭോപ്പാൽ ദുരന്തവും നമ്മൾ മറന്നു. ഞാൻ യൂണിയൻ കാർബൈഡ് കമ്പനിയിലെ ചോർന്ന ടാങ്ക് പോയി കണ്ടിരുന്നു. ജനങ്ങളോട് വർത്തമാനം പറഞ്ഞിരുന്നു. വെള്ളം നനച്ച തുണി നാസാരന്ധ്രത്തിൽ അമർത്തിപ്പിടിച്ചു രക്ഷപ്പെടുകയോ ദുരന്തപിശാച് സദയം ഒഴിവാക്കുകയോ ചെയ്ത പാവം ജനത.

ആ കൊലയാളി കമ്പനിയോട് പ്രതികരിക്കാൻ വേണ്ടി ഞാനൊരു തീരുമാനമെടുത്തു. അന്നുമുതൽ ഇന്നുവരെ എവറെഡി ബാറ്ററി വാങ്ങിയിട്ടില്ല. അതുകൊണ്ട് കമ്പനിക്കൊരു നഷ്ടവും വന്നില്ലെങ്കിലും എനിക്കൊരു ശാന്തി ലഭിച്ചിട്ടുണ്ട്.

ചെറുകിട സംരംഭകർ ഉണ്ടാക്കുന്ന ഒന്നാംതരം സോപ്പിന് മൂന്നുരൂപയേ വിലയുള്ളൂ. ശരീരം വൃത്തിയാക്കാൻ ഇതു ധാരാളം മതി. കമ്പോളക്കെണിയിൽ വീഴാത്തതിനാൽ മനസ്സും വൃത്തിയാകും. സിനിമാതാരത്തിന്റെ സോപ്പ് ശരീരവും മനസ്സും മലിനമാക്കും. സിനിമാതാരങ്ങളിൽ കോട്ടൺ അലർജി കാണപ്പെടുന്നത് അവരുടെ സോപ്പിന്റെ പ്രതികരണമാവാം.

നമുക്ക് നല്ലതു മാത്രം ഉപയോഗിച്ചാൽ മതി എന്നു മാത്രമല്ല, നൻമയുള്ളതു മാത്രം മതി എന്നൊരു നിശ്ചയം അത്യാവശ്യമാണ്.


**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. കടപ്പാട് സൂചിപ്പിക്കണമെന്ന് മാത്രം.



# കളിയിൽ അല്പം കാര്യം...!

കവർ സ്റ്റോറി

ലിമാ ന്യൂസ് ഡെസ്ക്

*"നമുക്ക് എവിടെവെച്ചോ നഷ്ടപ്പെട്ട ജീവിതാനന്ദത്തിന്റെ ആവിഷ്കാരമുണ്ട് കളിയിൽ. നീതിയും നേരുമുണ്ട് കളിയിൽ. നൈസർഗികതയുണ്ട് കളിയിൽ. ഏദൻ തോട്ടമാണത്."*

*കല്പറ്റ നാരായണൻ*

ലോകകപ്പ് ഫുട്ബോൾ കാഴ്ചകൾ മലബാറിലെ നാട്ടിൻപുറങ്ങളിൽ ഒരാവേശമായി പടർന്നിരുന്നു. തെരുവോരങ്ങളിൽ ഫ്ളക്സ് ബോർഡുകൾ കെട്ടിയുയർത്തിയും ആർത്തുവിളിച്ചും പടക്കം പൊട്ടിച്ചും പന്തയം വെച്ചും ചിലപ്പോഴൊക്കെ ഇത് വൃത്തികെട്ട ഭ്രാന്തിലേക്കു നീങ്ങി. മാത്രവുമല്ല ടീമംഗങ്ങളുടെ വിജയപരാജയങ്ങൾ ആത്മഹത്യയിലേക്കും കയ്യേറ്റങ്ങളിലേക്കും വരെ നീങ്ങിയ സംഭവങ്ങളുമുണ്ടായി. നൂറുകോടി ഇന്ത്യക്കാരിൽനിന്ന് പതിനൊന്നു പേരെ കാൽപ്പന്തു കളി നന്നായി പരിശീലിപ്പിക്കാനോ, സ്വയം പരിശീലിക്കാനോ മെനക്കെടാൻ നിൽക്കാതെ നമ്മളിന്ത്യക്കാർ വെറും കാണികളായി അധഃപതിക്കുകയാണ്.

എന്നാൽ ഈ കളിഭ്രാന്ത് ഉണ്ടാക്കിയ ചില നല്ല വശങ്ങൾ കാണാതിരുന്നുകൂടാ.

കഴിഞ്ഞ എട്ടുപത്ത് കൊല്ലങ്ങൾകൊണ്ട് നമ്മുടെ നാട്ടിലുണ്ടായ ചില മാറ്റങ്ങളുണ്ട്. നാട്ടിൻപുറങ്ങളിലെ മിക്ക പൊതുഇടങ്ങളും കൂട്ടായ്മകളും അപ്രത്യക്ഷമായി. ഗ്രാമീണ വായനശാലകൾ, ചായമക്കാനികൾ, ആൽത്തറകൾ, കലുങ്കുകൾ എന്നിവിടങ്ങളിലെ ചെറു കൂട്ടായ്മകളെപ്പോലും പുത്തൻ ജീവിത പരിഷ്കാരങ്ങൾ ആട്ടിയോടിച്ചു. ഭൂരിപക്ഷമാളുകളും സ്വന്തമായി വീടു പണിത് സുഖസൗകര്യങ്ങളൊരുക്കി ടി.വി വാങ്ങി അതിനുമുമ്പിലെ കാഴ്ചക്കാരായി ഇരുന്നുകൊടുക്കാൻ തുടങ്ങി.

ഈ സന്ദർഭത്തിലാണ് ലോകകപ്പ് ഫുട്ബോൾ മേളയുടെ അലയൊലികളെ നാം ശ്രദ്ധിക്കേണ്ടത്.

ദക്ഷിണാഫ്രിക്കയിലെ ഫുട്ബോൾ മേള വംശീയതക്കും വർണ്ണവെറിക്കുമെതിരായ മാനവികതയുടെ സന്ദേശം ഉയർത്തിപ്പിടിച്ചിട്ടുണ്ട്. യാത്രാവിമാനങ്ങൾക്കടക്കം കറുത്ത ചായം തേച്ച് ദക്ഷിണാഫ്രിക്ക കറുപ്പിന്റെ സൗന്ദര്യം ലോകത്തെ പഠിപ്പിക്കുകയാണ് ഫുട്ബോൾ മേളയിലൂടെ ചെയ്തത്. ഈ ലോകകപ്പിലെ നാലു ക്വാർട്ടർ ഫൈനൽ മത്സരങ്ങളിലും ഫിഫയുടെ തീരുമാനപ്രകാരം വംശീയതക്കെതിരായ പ്രതിജ്ഞ ഉണ്ടായിരുന്നു. സാംസ്കാരികവും ദേശീയതയും മറ്റുമായ എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊള്ളാനുള്ള കഴിവ് ഭൂമിക്കല്ല കളിപ്പന്തിനാണ് കൂടുതൽ' (മാധ്യമം ആഴ്ചപ്പതിപ്പ്, ഫുട്ബോൾ പതിപ്പ് 2010 ജൂലൈ 5) ദക്ഷിണാഫ്രിക്കയിലെ കളിക്കളത്തിലെ ആഹ്ലാദത്തിമർപ്പിന്റെ അലയൊലികൾ ഭൂഗോളമെങ്ങും എത്തുമ്പോൾ ഇങ്ങ് ചുങ്കത്തറയിലും എടവണ്ണയിലും വേങ്ങരയിലും അരീക്കോട്ടുമെല്ലാം നാട്ടിൻപുറങ്ങളിൽ പുതു കൂട്ടായ്മകൾക്കും വഴിതുറന്നു.

15000 രൂപ കൊടുത്താൽ സ്വന്തം കിടപ്പുമുറിയിലേക്ക് സാറ്റലൈറ്റുകളിൽ നിന്ന് ഫുട്ബോൾ കാഴ്ചകൾ കിട്ടുമെന്നറിഞ്ഞിട്ടും ഈ സൗകര്യം സ്വന്തം വീടുകളിലുണ്ടായിരുന്നിട്ടും ആളുകൾ കൂട്ടത്തോടെ ഫുട്ബോളിന്റെ പൊതുപ്രദർശനം നടക്കുന്നിടത്തേക്ക് വരുന്നു. അവിടെയിരുന്നു ആവേശപ്രകടനങ്ങൾ ആസ്വദിച്ച് ആരവങ്ങളോടെ ഡൈനാമിക്കായി കളി കാണുന്നു.

എടവണ്ണ കല്ലിടുമ്പിൽ 'വോയ്സ്' എന്ന സന്നദ്ധ സംഘടന എൽ.സി.ഡി പ്രൊജക്ടർ വെച്ച് സൗജന്യമായി ഫുട്ബോൾ പ്രദർശനമൊരുക്കി. നിത്യവും നൂറുകണക്കിനാളുകൾ കളി കാണാൻ വന്നു. അക്കൂട്ടത്തിൽ കുട്ടികളും വൃദ്ധന്മാരും തൊഴി

*ബാക്കി പേജ് 5ൽ*

ലിമാ ന്യൂസ്ഡെസ്ക്

# വിത്തും കൈക്കോട്ടുമായി ഒരു ജൈവമനുഷ്യൻ

**വരണ്ടുണങ്ങിയ മണ്ണിൽ വിത്തും വെള്ളവുമായി എത്തുന്ന പ്രേംജിഭായ് പട്ടേലിന്റെ കഥ**



**പ്രേംജിഭായ് പട്ടേൽ**

*ജനനം: ഗുജറാത്തിലെ രാജ്കോട്ടിൽ, വയസ്സ്: 70, നഗരത്തിലെ തിരക്കുപിടിച്ച ബിസിനസ് ജീവിതം ഒഴിവാക്കി ഒരു ആന്തരിക പ്രേരണയിൽ സ്വന്തം ഗ്രാമത്തിലെത്തി വരണ്ടുണങ്ങിയ മണ്ണിൽ മരം വെച്ചുപിടിപ്പിക്കുന്നതിലും ജലസേചന സംവിധാനം ഒരുക്കുന്നതിലും വ്യാപൃതനായി. സ്വന്തം കീശയിൽനിന്നും പണം മുടക്കി കർഷകർക്ക് നീർത്തട സംരക്ഷണ സംവിധാനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നു. 'മരങ്ങൾ നട്ട മനുഷ്യൻ' എന്ന വിഖ്യാത പുസ്തകത്തിൽനിന്നും പ്രേരണയുൾക്കൊണ്ടാണ് മണ്ണിനെയും മരങ്ങളെയും പ്രണയിച്ചുകൊണ്ടുള്ള ജീവിതത്തിലേക്ക് എത്തിയതെന്ന് അദ്ദേഹം സ്വയം വിലയിരുത്തുന്നു.*

ഗുജറാത്തിലെ രാജ്കോട്ടിലുള്ള പ്രേംജിഭായി പട്ടേൽ വിത്തും കൈക്കോട്ടുമായി നാടുചുറ്റുകയാണ്. ലക്ഷക്കണക്കിന് വൃക്ഷങ്ങൾ അദ്ദേഹം നട്ടുപിടിപ്പിച്ചുകഴിഞ്ഞു. നൂറുകണക്കിന് ചെക്ക്ഡാമുകൾ സ്വയം നിർമ്മിച്ച് ജലസേചന സംവിധാനങ്ങളിലൂടെ വരണ്ട മണ്ണിലും കവിത രചിക്കുന്നു. രാജ്കോട്ടിൽ ആരംഭിച്ച മരംനടീൽ ഇപ്പോൾ മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിലേക്കും പടർന്നുകഴിഞ്ഞു.

മണ്ണിനെ പച്ചപിടിപ്പിക്കുക എന്നത് പട്ടേലിന് ജീവിതം തന്നെയാണ്. അതിരാവിലെ സഞ്ചിയിൽ വിവിധയിനം വിത്തുകളുമായി ഇറങ്ങും. ഒഴിഞ്ഞ ഇടങ്ങളിലും പാതയോരങ്ങളിലും കൃഷിയിടങ്ങളിലും വീട്ടുവളപ്പിലും പൊതുസ്ഥാപനങ്ങളുടെ പരിസരങ്ങളിലും സദാ കൈയിലുള്ള ചെറിയ മൺവെട്ടി കൊണ്ട് കുഴിയെടുത്ത് വിത്തു പാകിയും വിതച്ചും നടന്നുനീങ്ങും. ചില വ്യക്തികളും സംഘടനകളും പട്ടേലിന് സഹായമാകാറുണ്ട്.

വിത്തു പാകൽ ഒരു ജീവിതചര്യയാക്കിമാറ്റിയപ്പോൾ പട്ടേൽ അതിനും ഒരു പ്രൊഫഷണൽ ടച്ച് നൽകി. കൈകൊണ്ട് കൂടുതൽ സ്ഥലത്ത് വിത്തുപാകാൻ കഴിയാത്തതിനാൽ 15 മീറ്റർ അകലം വരെ വിത്തു വീശിയെറിയാൻ പട്ടേൽ തന്നെ പെട്രോൾ കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന ഒരു ചെറുയന്ത്രം വികസിപ്പിച്ചു. ഈ യന്ത്രം കൊണ്ട് തുറന്ന വാഹനത്തിൽ സഞ്ചരിച്ച് പത്ത് ടൺ വേപ്പിൻ വിത്താണ് വിവിധ ഗ്രാമങ്ങളിലായി പട്ടേൽ വിതച്ചത്. വർഷത്തിൽ ഒരു ജൂൺ 5നായി ആറ്റുനോറ്റിരുന്ന് മരംവെച്ച് പിടിപ്പിക്കുന്ന കേവല ദിനാചരണ പ്രേമമല്ല, ഇത്തരം ശീലം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കേണ്ടതാണെന്ന് പട്ടേലിനെപ്പോലുള്ളവർ പഠിപ്പിക്കുന്നു. വരണ്ടുണങ്ങിയ സ്ഥലത്ത് തൈ നടാനും പട്ടേൽ സ്വന്തമായ ടെക്നോളജി കണ്ടുപിടിച്ചു. ഏത് ഊഷരമായ ഭൂമിയിലും ഏത് ചെടിയും നട്ടുപിടിപ്പിക്കാമെന്ന് പട്ടേൽ തെളിയിച്ചുകഴിഞ്ഞു.

## മണ്ണിനെ റീചാർജ്ജ് ചെയ്യാം

മണ്ണിനെ നനച്ചെടുക്കൽ വരൾച്ചാ ബാധിത പ്രദേശത്തെ വലിയ വെല്ലുവിളിയാണ്. പച്ചപ്പ് വിരിക്കാൻ മണ്ണിനെ നനച്ചെടുക്കണമല്ലോ. ഇപ്പോൾ മണ്ണിനെ നനച്ചെടുക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണ് പട്ടേൽ. കൂട്ടിന് 'വൃക്ഷ പ്രേം ട്രസ്റ്റ്' എന്ന സംഘടനയുമുണ്ട്. 150 നേചർ ക്ലബ്ബുകളിലൂടെ 1000 ഹെക്ടർ സ്ഥലത്ത് ഇപ്പോൾ പ്രവർത്തനം തുടങ്ങി. കിണറുകളെ റീചാർജ്ജ് ചെയ്ത് ഭൂഗർഭജലസമ്പത്ത് കൂട്ടുകയാണ് പദ്ധതി. നദികളിലും ജലാശയങ്ങളിലും തടയണകൾ ഉണ്ടാക്കി അവിടെനിന്ന് കിണറുകളിലേക്ക് ജലം പമ്പ് ചെയ്താണ് കിണറുകളെ റീചാർജ് ചെയ്യുന്നത്. ഭൂഗർഭജലം ശൂന്യതയിൽനിന്നും ഉണ്ടാവുന്നതല്ല, അതിന് ചില മാർഗ്ഗങ്ങൾ അവലംബിക്കണം. ഗ്രാമീണരെ മണ്ണിൽ ജലം ശേഖരിച്ചു നിർത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കുകയാണ് പട്ടേലും കൂട്ടരും ചെയ്യുന്നത്. പട്ടേൽ ഗ്രാമീണരെ സഹായിക്കാൻ പ്രത്യേക പദ്ധതിയും തുടങ്ങി. ചെക്ഡാം നിർമ്മിക്കാൻ സിമന്റ് ഒഴികെ ഒന്നും ആളുകൾ നൽകേണ്ടതില്ല. സൗജന്യമായി പട്ടേൽ നിർമ്മിച്ചു നൽകും. ആവശ്യക്കാർക്ക് നേരിട്ട് പട്ടേലിനെ സമീപിക്കാം. ചിലപ്പോഴൊക്കെ മുഴുവൻ ചെലവും പട്ടേൽ തന്നെ വഹിക്കാറുണ്ട്. ഇതിനകം 1500 ചെക്ഡാമുകളും 50,000 അടി പൈപ്പ് ലൈനും ഭൂഗർഭ കിണറുകളെ റീചാർജ് ചെയ്തെടുക്കാൻ പട്ടേൽ നിർമ്മിച്ചുകഴിഞ്ഞു. പട്ടേലിന്റെ ശ്രമഫലമായി വരൾച്ചാ സമയത്തും ജല ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജലവിഭവ മന്ത്രാലയത്തിന്റെ ജലസംരക്ഷണത്തിനുള്ള പുരസ്കാരവും പട്ടേലിന് ലഭിച്ചു.

ബിജു ജോൺ

# ആൾട്ടർനേറ്റീവ് റേഡിയോ

**ഇടതുപക്ഷ / സോഷ്യലിസ്റ്റ് നിലപാടുകളുടെയും മുഖ്യധാരാ മാധ്യമ രാഷ്ട്രീയ വിമർശനത്തിന്റെയും യുദ്ധവിരുദ്ധ നിലപാടുകളുടെയും പരിസ്ഥിതി ദർശനത്തിന്റെയും ജിഹ്വയായി ഒരു ബദൽ മാധ്യമപ്രവർത്തനമാണ് ആൾട്ടർനേറ്റീവ് റേഡിയോ.**

"Alternative radio a light in the media darkness featuring voices of proposals to strengthen our democracy" - Ralph Nader.



*ആൾട്ടർനേറ്റീവ് റേഡിയോയുടെ സ്ഥാപക ഡയറക്ടർ ഡേവിഡ് ബസാമിൻ*

അന്തർദേശീയ തലത്തിൽ പ്രക്ഷേപണം ചെയ്യപ്പെടുന്ന ആഴ്ചതോറുമുള്ള ഒരു മണിക്കൂർ റേഡിയോ പരിപാടി. പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ 'ആൾട്ടർനേറ്റീവ്' ചിന്തയും വീക്ഷണവും വെച്ചുപുലർത്തുന്നവയാണ്. പുരോഗമനപരവും ജനപക്ഷപരവുമായ നിലപാടുകളുള്ള വ്യക്തികളുമായുള്ള അഭിമുഖങ്ങളാണ് പ്രധാന ഇനം. ഇടതുപക്ഷ - സോഷ്യലിസ്റ്റ് ചിന്തകർ മാറിമാറി അണിനിരക്കുന്ന പരിപാടി, മുഖ്യധാരാ രാഷ്ട്രീയ സാമ്പത്തിക നിലപാടുകളെ ശക്തമായി വിമർശനവിധേയമാക്കുന്നു.

പത്രപ്രവർത്തകനായ ഡേവിഡ് ബസാമിൻ 1986ലാണ് റേഡിയോ പ്രക്ഷേപണം തുടങ്ങിയത്. അമേരിക്കയിലെ കൊളറാഡോയിൽ കമ്യൂണിറ്റി റേഡിയോ സ്റ്റേഷനിൽ വിരലിലെണ്ണാവുന്ന ജോലിക്കാരുമായി പ്രവർത്തനം നടത്തുന്ന എ.ആർ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഈ പ്രക്ഷേപണ സംരംഭം അമേരിക്കയ്ക്കു പുറമെ യൂറോപ്പിലും ലോകത്തെമ്പാടുമുള്ള 200ഓളം റേഡിയോ സ്റ്റേഷനുകളിലൂടെ ജനപക്ഷത്തുനിന്ന് ജനാധിപത്യമൂല്യങ്ങളിൽ അടിയുറച്ച് ബദൽ ദർശനങ്ങൾ പ്രചരിപ്പിക്കുന്നു.

പ്രത്യേകമായി ഏതെങ്കിലുമൊരു ഏജൻസിയുടെയും ഫണ്ട് വാങ്ങാതെ സ്വന്തം നിലക്ക് പരിപാടികളുടെ റിക്കാർഡിംഗുകൾ, സി.ഡികൾ വിൽപ്പന നടത്തി വരുമാനം സ്വയം കണ്ടെത്തുന്നു. ഓരോ പരിപാടികളും ഒന്നിനൊന്ന് ശക്തവും പോരാട്ടവീര്യവുമുള്ളതാണ്. എല്ലാ പരിപാടികളും കൃത്യമായി റിക്കാർഡ് ചെയ്ത് സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ചിലത് സൗജന്യമായി ഡൗൺലോഡ് ചെയ്യാം. 5 ഡോളർ മാത്രം വിലയിട്ട് പ്രധാനപ്പെട്ട പരിപാടികൾ വാങ്ങുകയുമാവാം. ഈ സി.ഡി വിൽപ്പനയാണ് പ്രധാന വരുമാനമാർഗ്ഗം.

ആൾട്ടർനേറ്റീവ് റേഡിയോയുടെ പ്രധാന ആകർഷണം തന്നെ ഡയറക്ടർ ബസാമിൻ, നോം ചോംസ്കിയെപ്പോലുള്ള വേറിട്ട ബുദ്ധിജീവികളുമായി നടത്തിയ അഭിമുഖ പരമ്പരകളാണ്. പ്രക്ഷേപണം ചെയ്ത പല അഭിമുഖങ്ങളും പുസ്തകമാക്കി മാറ്റിയിട്ടുമുണ്ട്. ഇപ്രകാരം 400ഓളം വ്യത്യസ്തരും മൗലിക പ്രതിഭകളുമായവരുടെ അഭിമുഖങ്ങളും പ്രഭാഷണങ്ങളും തയ്യാറാക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

പാക് - അമേരിക്കൻ മാർക്സിസ്റ്റ് ചിന്തകനായ താരിഖ് അലി, അമേരിക്കൻ സംഗീതജ്ഞനും ഗ്രീൻ പാർട്ടി നേതാവും പ്രഭാഷകനുമായ ജെല്ലോ ബിയാഫ്രാ, ചരിത്രകാരനായ ആൻഡ്രൂ ബസേവിച്ച്, അമേരിക്കൻ പരിസ്ഥിതി ചിന്തകനും വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപകനുമായ ലസ്റ്റർ ബ്രൗൺ, ബ്രിട്ടീഷ് പാർലമെന്റേറിയനും പ്രമുഖ യുദ്ധവിരുദ്ധ ചിന്തകനുമായ ജോർജ്ജ് ഗളോവേ, നമ്മുടെ അരുന്ധതി റോയ് തുടങ്ങി ആൾട്ടർനേറ്റീവ് റോഡിയോയിൽ അഭിമുഖം ചെയ്യപ്പെട്ട പ്രമുഖ വ്യക്തികളൊക്കെ ഈ ബദൽ റേഡിയോ പ്രക്ഷേപണം പരിപാടിയുടെ സ്വഭാവം വെളിപ്പെടുത്തുന്നു.

## ആൾട്ടർനേറ്റീവ് റേഡിയോ

| | |
|---|---|
| ചുരുക്കപ്പേര് | : എ.ആർ |
| പ്രക്ഷേപണം സമയം | : ആഴ്ചയിൽ ഒരു മണിക്കൂർ |
| രാജ്യം | : അമേരിക്ക |
| സ്ഥാപകൻ | : ഡേവിഡ് ബസാമിൻ |
| സ്വഭാവം | : ജനാധിപത്യപരമായതും ബദൽ വീക്ഷണത്തോടെയുമുള്ള പ്രത്യേക റേഡിയോ പ്രക്ഷേപണം. |
| വെബ്സൈറ്റ് | : www.alternativeradio.org |

---

*പേജ് 3 തുടർച്ച*

ലാളികളും ഡോക്ടറും ഉദ്യോഗസ്ഥരും എല്ലാമുണ്ട്. കേവലം കളിപ്രദർശനത്തിലുപരി ക്ലബ്ബ് പ്രവർത്തകർ ഇടവേളകളെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തി.

ഇംഗ്ലണ്ടും ജർമ്മനിയും തമ്മിലുള്ള മത്സര ദിവസം, സ്ക്രീനിൽ ഒരറിയിപ്പു തെളിഞ്ഞു. "നമ്മുടെ നാട്ടിലെ കാരണവരും നാടൻ കലാകാരനുമായിരുന്ന കണ്ണൻകുട്ടിയേട്ടന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി നമുക്ക് പ്രാർത്ഥിക്കാം." കളിയാരവങ്ങൾക്കിടയിൽ സ്ക്രീനിൽ തെളിഞ്ഞ അറിയിപ്പ് വായിച്ച് അല്പനേരത്തേക്ക് കളിക്കമ്പക്കാരുടെ സദസ്സ് നിശ്ശബ്ദമായി. ഓരോ ദിവസവും കളിയുടെ ഇടവേളകളിൽ ഹ്രസ്വഡോക്യുമെന്ററികളും ഷോർട്ട്ഫിലിമുകളും പ്രദർശിപ്പിച്ച് ഈ സംഘം പ്രതിബദ്ധത പ്രകടിപ്പിച്ചു.


ചുങ്കത്തറയിൽ കാണികളില്ലാതെ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സിനിമാ ടാക്കീസ് ലോകകപ്പ് തുടങ്ങിയതോടെ സജീവമായി. മാറ്റിനി കഴിഞ്ഞാൽ തീയേറ്ററിൽ ഫുട്ബോൾ ആണ് പ്രദർശിപ്പിച്ചത്. സിനിമ കാണാൻ എത്താത്തവർ ടിക്കറ്റെടുത്ത് കളി കാണാൻ ടാക്കീസിലെത്തി.

മാധ്യമങ്ങളും പരസ്യസ്ഥാപനങ്ങളും പെരുപ്പിച്ചുണ്ടാക്കിയ ക്രിക്കറ്റിന്റെ കൃത്രിമ ജ്വരമല്ല ഫുട്ബോളിന്റേത്. അത് നൈസർഗ്ഗികമായ ജനകീയാവേശമാണ്. ഈ ആവേശം സൃഷ്ടിക്കുന്ന വൈകാരികമായ ഉണർവ്വിനെ പോസിറ്റീവായി ഉപയോഗപ്പെടുത്താൻ പറ്റിയാൽ കളിയുടെ കാര്യവും കാണാൻ കഴിയും! ഈ ഉണർവിനെ മൈതാനത്തിന്റെ തുറസിലേക്ക്, മാനവികതയുടെ വിശാലതയിലേക്ക് നയിക്കാനുള്ള ഇടപെടലുകളാണ് വേണ്ടത്.

കവിത

സി.എസ് ജയചന്ദ്രൻ

# സാമ്രാജ്യത്വം



ഭൂമിയിലെ
സാമ്രാജ്യങ്ങൾകൊണ്ട്
പൊറുതിമുട്ടി
പരലോകത്തെത്തിയപ്പോഴോ
അതത്രേ
പടച്ചവന്റെ
ഒടുക്കത്തെ സാമ്രാജ്യം!

ലിറ്റിൽ മാസിക വരിസംഖ്യ
16 ലക്കങ്ങൾക്ക് 100 രൂപ
ഇന്നുതന്നെ എം.ഒ അയക്കുമല്ലോ
ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം ജില്ല - 679334

കവിത

അബ്ദുള്ള പേരാമ്പ്ര

# ആവിഷ്കാരം

തന്നെത്തന്നെ
ആവിഷ്ക്കരിക്കാനുള്ള
കടലിന്റെ മോഹത്തെ
നാം തിരകളെന്നു വിളിച്ചു.

# രണ്ട് കവിതകൾ

**ഒന്ന്**

തൊട്ടു, തൊട്ടു നടക്കാൻ
ആരാണുണ്ടാവുകയിനി?
അകന്നും, അകന്നു നടക്കാൻ
കൊതിക്കുന്ന ഈ കാലത്ത്!

**രണ്ട്**

ഒന്നു നടു നിവർത്താൻ
നദികൾക്കും കൊതിയില്ലാതിരിക്കുമോ?
അതുകൊണ്ടല്ലേ,
ഇത്രയും മലകളുണ്ടായത്!

കഥ

ആരിഫ് അലി. കെ

# മതിലുകൾ

ഇന്നൊരു തുളയും കൂടി
വീണിട്ടുണ്ട്..
നാണം മറക്കാത്ത മേൽക്കൂരയും
അടുപ്പിലും ഉറവ പൊട്ടിത്തുടങ്ങി
പൂമുഖത്ത് കളിപ്പാട്ടം
ചത്തുമലച്ചിരിക്കുന്നു.
മതിലിനപ്പുറത്ത്,
കോലായ പൊളിച്ചിട്ടുണ്ട്...!
മുകളിലേക്കും ഉണ്ടത്രേ...!!

പുസ്തകം

**മഴത്തണ്ട് (കുറിപ്പുകൾ)**
സുനിൽ സി.ഇ




ധ്യാനത്തിന്റെയും ആത്മീയതയുടെയും ഊർജ്ജത്തിൽനിന്ന് പിറന്നു വീണ കാവ്യാത്മകമായ കുറിപ്പുകൾ

തൂലിക ബുക്സ് തിരുവനന്തപുരം
പേജ് 86
വില 60 രൂപ

**ലിവിംഗ് ഓൺ ദ എഡ്ജ് (യാത്രാ വിവരണം)**
മൊയ്തു കിഴിശ്ശേരി

പാസ്പോർട്ടോ വിസയോ കയ്യിലില്ലാതെ 43 രാജ്യങ്ങളിലൂടെ സഞ്ചരിച്ച സാഹസികനായ ഒരു മലയാളിയുടെ സഞ്ചാരക്കുറിപ്പുകൾ




കൈരളി ബുക്സ്, കണ്ണൂർ
പേജ് 254
വില 150 രൂപ

പ്രതികരണം

ബിനീഷ് വൈദ്യരങ്ങാടി

# ടി.പി. രാജീവൻ കാണാത്തത്...

**ലിറ്റിൽ മാസിക രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച കവി ടി.പി. രാജീവന്റെ പ്രഭാഷണത്തിലെ ചില ആശയങ്ങളോടുള്ള പ്രതികരണം.**

അധികാരവികേന്ദ്രീകരണം കമ്മ്യൂണിസത്തിന്റെ ഭാഗമാണ് എന്ന് അഭിപ്രായപ്പെടുന്ന ടി.പി. രാജീവൻ വായനക്കാരിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ആധുനികത മുന്നോട്ടുവെക്കുന്ന സംസ്കാര രാഷ്ട്രീയമായ ദേശരാഷ്ട്ര സങ്കൽപത്തിന്റെ പരിധിയിൽ പെടുന്ന ഒന്നാണ് കമ്മ്യൂണിസം എന്ന ബൃഹദ് ആഖ്യാനം. സംസ്കാരത്തിന്റെ സാർവ്വലൗകിക കാഴ്ചപ്പാടാണ് ഇത് പ്രധാനമായും ഉന്നയിക്കുന്നത്. എന്നാൽ ആധുനികതയുടെ ഏകരേഖീയമായി ഈ ചരിത്രസങ്കൽപത്തേയും, അതിന്റെ മുഖമുദ്രയായ യുക്തിബോധം, ശാസ്ത്രബോധം, സാർവ്വലൗകിക പുരോഗതി തുടങ്ങിയ ജ്ഞാനവ്യവസ്ഥകളേയും പ്രശ്നവൽക്കരിക്കുകയാണ് ആധുനികോത്തരത(Post modernity) ചെയ്യുന്നത്. ആധുനികതയിൽ നിന്ന് ആധുനികോത്തരതയിലേക്കുള്ള മാറ്റം, ദേശരാഷ്ട്രത്തിൽ നിന്ന് ആഗോള ഗ്രാമത്തിലേക്കും സാർവ്വലൗകിക വാദത്തിൽ നിന്ന് പ്രാദേശികവാദത്തിലേക്കും കേന്ദ്രീകരണത്തിൽ നിന്ന് വികേന്ദ്രീകരണത്തിലേക്കുമുള്ള മാറ്റം കൂടിയാണ്, എന്ന് ഡേവിഡ് ഹാർവേ നിരീക്ഷിക്കുന്നുണ്ട്.(David Harvey: The conditions of Post Modernity: 1990: 113-118)

ഇങ്ങനെ നോക്കുമ്പോൾ ആധുനികോത്തരത ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളിലൊന്നാണ് അധികാരവികേന്ദ്രീകരണം. ആധുനികതയുടെ/കമ്മ്യൂണിസത്തിന്റെ സാർവ്വലൗകിക യുക്തി അതിന്റെയുള്ളിലെ ചെറിയ യൂണിറ്റുകളെ അമർത്തിവെക്കുന്നു എന്ന തിരിച്ചറിവാണ് അധികാര വികേന്ദ്രീകരണത്തിന്റെ പ്രസക്തിക്ക് നിദാനം. അപ്പോഴതെങ്ങനെ കമ്മ്യൂണിസത്തിന്റെ ഭാഗമാകും? കമ്മ്യൂണിസത്തിന്റെ നേർവിപരീതമായ ഒരു കാഴ്ചയല്ലേ അധികാരവികേന്ദ്രീകരണം നൽകുന്നത്?

ടി.പി. രാജീവൻ തുടർന്നു പറയുന്നു എസ്. ജോസഫ് പ്രതിനിധാനം ചെയ്യുന്ന കാവ്യബോധമെന്നു പറയുന്നത്, പി. രാമൻ പ്രതിനിധാനം ചെയ്യുന്നു എന്ന് പറയപ്പെടുന്ന സവർണ്ണ കാവ്യബോധത്തേക്കാൾ എത്രയോ, തകർന്നതാണ് (ലിറ്റിൽ മാസിക: ജൂൺ 2010:പു:10) പി. രാമന്റെ കനം , ഇരുമ്പ് എന്നീ രണ്ട് കവിതാസമാഹാരങ്ങളും പരിശോധിച്ചാൽ കാവ്യബിംബങ്ങളിൽപോലും സവർണ്ണതയുടെ ഒരു തരിമ്പെങ്കിലും കണ്ടെടുക്കാനാവില്ല. പിന്നെയെങ്ങനെ പി.രാമൻ പ്രതിനിധാനം ചെയ്യുന്ന സവർണ്ണ കാവ്യബോധം ഉണ്ടാകും എന്നറിയില്ല. കവിതയിലെ സവർണ്ണമായ കാപട്യങ്ങൾക്കെതിരാണ് തൊണ്ണൂറുകൾക്കുശേഷം മലയാള കവിതയിലേക്ക് കടന്നുവരുന്ന പി. രാമനെ പോലെയുള്ളവരുടെ രചനകൾ. മറ്റൊന്ന്, എസ്. ജോസഫ് താനൊരിക്കലും ദളിത് കവിയാണെന്ന് അവകാശപ്പെടുന്നില്ല. മറിച്ച് പ്രസ്ഥാനബദ്ധമായി ദളിത് കവിത മാറിയപ്പോൾ അതിന്റെ ശക്തി ചിതറിപ്പോയി എന്നാണ് എനിക്കു തോന്നുന്നത് . (ദളിത് തിരിച്ചറിവുകൾ: 2009: പു: 113) എന്നാണ് കവി പറഞ്ഞത്. കവിതയിലെ സവർണ്ണാധിപത്യത്തെ എതിർക്കുകയല്ല ജോസഫ് ചെയ്തത്. പ്രാന്തവൽക്കരിക്കപ്പെട്ട് ചരിത്രത്തിന്റെ വർത്തമാനയാഥാർത്ഥ്യങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ഒരു ജനപഥത്തിന്റെ ജീവിതമുദ്രകൾ ആത്മാർത്ഥമായി ആവിഷ്ക്കരിക്കാൻ ശ്രമിച്ചപ്പോൾ കവിതയിലെ സവർണ്ണ മൂല്യങ്ങളുടെ വെണ്ണക്കൽ ശിൽപങ്ങൾ താനെ ഉരുകിയൊലിച്ചു എന്നതാണ് യാഥാർത്ഥ്യം. ഇത് വർത്തമാന കവിതയുടെ നവഭാവുകത്വമല്ലാതെ മറ്റെന്താണ്? എന്നിട്ടും ടി.പി. രാജീവൻ ജോസഫിനെ ഒരു കൂട്ടിലടച്ച് വീരവാദം മുഴക്കുന്നതെന്തിനാണെന്നാണ് ചോദ്യം.

അത്ര മനോഹരമല്ല ചെറുത് - എന്ന പേരിൽ ടി.പി. രാജീവൻ ലേഖനമെഴുതി (ലിഖിതം:2002:ആഗസ്റ്റ്). ഒരു ചടങ്ങിന് വേണ്ടിയിട്ട് ചെറുമാസികകൾ ഇറങ്ങുന്നുണ്ട് എന്നാണത്രേ അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ. എന്നാൽ പിന്നെയെന്തിനാണ് തന്റെ ലേഖനത്തിൽ ചെറു കവിതകളെ പരാമർശിച്ചതും, പി. രാമന്റെ

ആഴമേ,
നിൻ കാതലിലെങ്ങും
കൊത്തുവേല ചെയ്യുന്നു
മീനുകൾ,

എന്ന കുഞ്ഞുകവിതയെ വിമർശിച്ചുദാഹരിച്ചതും? ചെറുമാസികകൾ ഇറക്കുന്ന ചടങ്ങും ഇതും തമ്മിൽ എന്തോന്നു ബന്ധം? ടി.പി. രാജീവന് എന്തിനാണ് രാമനോടും, ജോസഫിനോടും ഇത്ര കണ്ണിൽക്കടി.......?

**നമുക്കൊന്നു മിണ്ടാം (കവിതകൾ)**
അപ്പു മുട്ടറ




സ്വത്വത്തിന്റെ കബന്ധങ്ങൾക്ക് നിശ്ശബ്ദം നിന്നെരിയുന്ന നിസ്സഹായതയുടെ നേർക്ക് ഉയർത്തിപ്പിടിച്ച ദർപ്പണങ്ങളാണ് ഈ സമാഹാരത്തിലെ കവിതകൾ.

ചിദംബരം ബുക്സ്, കൊല്ലം
പേജ് 64
വില 40 രൂപ

**ഒറ്റി (കവിതകൾ)**
കൊന്നമൂട് വിജു

ജീവിതാനുഭവത്തിന്റെ തീക്ഷ്ണത ആത്മാവിലേക്ക് പടർത്തുന്ന ശക്തമായ കവിതകൾ.




എവർഗ്രീൻ ബുക്സ്, തിരുവനന്തപുരം
പേജ് 50
വില 40 രൂപ

വീട്ടമ്മ സംസാരിക്കുന്നു

റോഷ്നി വർഗ്ഗീസ്

# നാപ്കിനുകൾക്കെതിരെ ന്യൂസ്പേപ്പർ മാജിക്

**കുഞ്ഞുങ്ങൾ ഉള്ള സ്ത്രീകളെ പ്രധാന ജോലികളിൽ നിന്ന് പലരും മാറ്റിനിർത്തും, വിശേഷ ചടങ്ങുകൾക്ക് ഒഴിവാക്കും. ഒരു രോഗിണിയുടേയോ, വികലാംഗയുടേയോ പരിഗണനയാണ് കുഞ്ഞുങ്ങൾ ഉള്ളതിന്റെ പേരിൽ സ്ത്രീക്ക് ലഭിക്കുന്നത്.**

കുഞ്ഞുങ്ങൾ ഉള്ള സ്ത്രീകൾക്ക് പ്രത്യേകമായ സ്വത്വമാണ് ഉള്ളത്. വീട്ടിലും ഓഫീസിലും യാത്രയിലും കുഞ്ഞുങ്ങളെക്കൂടി പരിഗണിച്ച് ചില മുന്നൊരുക്കങ്ങളും തയ്യാറെടുപ്പുകളും ഓരോ സ്ത്രീയും നടത്തേണ്ടതായുണ്ട്. കുഞ്ഞുങ്ങൾ ഉള്ള സ്ത്രീക്ക് ഉള്ള പ്രധാനപരിമിതി സ്വാതന്ത്ര്യമില്ലായ്മയാണ്. എപ്പോഴും ഒരു കരച്ചിൽ, ഒരു ചിണുങ്ങൽ അല്ലെങ്കിൽ അയ്യോ കുഞ്ഞ്! എന്നും മറ്റുമുള്ള മറ്റുള്ളവരുടെ അപകടമുന്നറിയിപ്പുകൾക്ക് സദാ കാതോർത്തിരിക്കേണ്ടതായിവരും. ഇത് അമ്മയുടെ സ്വാതന്ത്ര്യത്തെയാണ് ബാധിക്കുക. കുഞ്ഞുങ്ങൾ ഉള്ള സ്ത്രീകളെ പ്രധാന ജോലികളിൽ നിന്ന് പലരും മാറ്റി നിർത്തും, വിശേഷ ചടങ്ങുകൾക്ക് ഒഴിവാക്കും. ഒരു രോഗിണിയുടേയോ, വികലാംഗയുടേയോ പരിഗണനയാണ് കുഞ്ഞുങ്ങൾ ഉള്ളതിന്റെ പേരിൽ സ്ത്രീക്ക് ലഭിക്കുന്നത്.

കുഞ്ഞുങ്ങളുടെ പേരിൽ ഉണ്ടാവുന്ന ഒരു പ്രധാന പ്രശ്നമാണ് കിടക്കയിൽ മൂത്രമൊഴിക്കുന്ന സ്വഭാവം. നനഞ്ഞ കിടക്ക ഒരു മാറാത്ത തലവേദനപോലെയാണ്. രാത്രിയിലെ ഉറക്കം തടസ്സപ്പെടുന്ന മുതിർന്ന മക്കളും പുരുഷസാറൻമാരും ഉണ്ടാക്കുന്ന പുകിലുകൾ വേറെ. രാത്രിയിൽ മറ്റൊരു കിടക്ക തിരയാൻ പറ്റില്ല. ബെഡ്ഷീറ്റും അടിയിലെ ബെഡും നനഞ്ഞിരിക്കും. ഇതിനു പരിഹാരമായി റെക്സിനുകളിൽ കുട്ടിയെ കിടത്തുകയോ നാപ്കിൻ ധരിപ്പിച്ച് കുട്ടിയെ കിടത്തുകയോ ആണ് പലരും ചെയ്യാറ്. എന്നാൽ ഇത് വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കും. നാപ്കിൻ ധരിപ്പിച്ച് രാത്രി മുഴുവൻ കിടത്തുന്നത് ക്രൂരത തന്നെയാണ്. അതിന് ഇതാ ഒരു സൂത്രം. എളുപ്പവും ഫലപ്രദവും ചിലവ് കുറഞ്ഞതും പാർശ്വഫലങ്ങളില്ലാത്തതുമായ ഒരു മാർഗ്ഗം.

മൂത്രമൊഴിച്ചാൽ നനഞ്ഞ ഭാഗത്ത് രണ്ട് മൂന്ന് പഴയ ന്യൂസ്പേപ്പർ ഷീറ്റ് കട്ടിയിൽ വെക്കുക. എന്നിട്ട് അതിന് പുറത്ത് കിടന്ന് ഉറക്കം തുടരാം. രാവിലെയാകുമ്പോഴേക്കും മൂത്രമെല്ലാം അടിയിലെ പേപ്പർ ഷീറ്റുകൾ വലിച്ചെടുത്തിരിക്കും. മുകളിലത്തെ ഷീറ്റിൽ നനവ് എത്തിയിട്ടുമുണ്ടാവില്ല. നനഞ്ഞ ഭാഗം ഒഴിവാക്കി കിടക്കാൻ മാത്രം അല്ലെങ്കിൽ മുറി മാറിക്കിടക്കാൻ മാത്രം സൗകര്യം ഇല്ലാത്തവർക്കൊക്കെ ഈ മാർഗ്ഗം പരീക്ഷിക്കാം.

ബന്ധുവീടുകളിൽ താമസിക്കുമ്പോഴും രമ്യമായി പ്രശ്നം ഈ വിധത്തിൽ പരിഹരിക്കാം. ഇതാണ് ന്യൂസ്പേപ്പർ മാജിക്. ഗുണമോ മെച്ചം വിലയോ ഇല്ല! പഴയ ന്യൂസ്പേപ്പർ രാത്രിയിൽ സ്ത്രീയുടെ സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിങ്ങനെയാണ്. പുതിയ കാലത്ത് ചിലപ്പോൾ ഉപയോഗിച്ച ന്യൂസ്പേപ്പറും വീട്ടമ്മയ്ക്ക് ആയുധമാകും.

നാടോടിക്കഥ

അജ്ഞാതൻ

# ജീവിക്കാത്ത മനുഷ്യൻ

ഒരു സഞ്ചാരി പല നാടുകളും ചുറ്റിയടിച്ച് ഒടുക്കം ഒരു ഗ്രാമത്തിലെ ശ്മശാനത്തിന്റെ അടുത്തുകൂടി പോകുകയായിരുന്നു. ശവക്കല്ലറകളിൽ എഴുതിക്കണ്ട വിചിത്രമായ കുറിപ്പുകൾ അയാളെ അത്ഭുതപ്പെടുത്തി. ഒരു ശവക്കല്ലറയിൽ: "ഇയാൾ രണ്ടു ദിവസം ഈ ഭൂമിയിൽ ജീവിച്ചു." മറ്റൊന്നിൽ, " ഈ മനുഷ്യൻ 4 മണിക്കൂർ ഈ ഭൂമിയിൽ ജീവിച്ചു." അവ കണ്ട് അമ്പരന്നുനിന്ന സഞ്ചാരി അതിലൂടെ കടന്നുപോയ ഗ്രാമീണനോട് ഇങ്ങനെ ചുരുങ്ങിയ കാലം മാത്രം ജീവിച്ചിരുന്നവരെപ്പറ്റി ചോദിച്ചപ്പോൾ ഗ്രാമീണൻ പറഞ്ഞു:

"ഞങ്ങളുടെ ഗ്രാമത്തിൽ ഒരാൾ എത്രകാലം ജീവിച്ചു എന്നു കണക്കാക്കുന്നത് അയാൾ ജീവിതത്തിൽ എത്ര സമയം ആനന്ദിച്ചു എന്നു നോക്കിയാണ്."

ഇതുകേട്ടപ്പോൾ യാത്രക്കാരൻ മൊഴിഞ്ഞു: "എങ്കിൽ എന്റെ ശവക്കല്ലറക്കു മീതെ 'ഈ മനുഷ്യൻ ജീവിച്ചിരുന്നില്ല' എന്ന് എഴുതിയിടേണ്ടിവരും."

*(കടപ്പാട്: സൂര്യസന്ദേശ് മാസിക)*

# മരങ്ങൾ മൊഴികൾ

ആദ്യം ഞാൻ കരുതി, റബ്ബർ മരങ്ങളെ രക്ഷിക്കാനാണ് ഞാൻ പോരാടുന്നതെന്ന്. പിന്നെ ഞാൻ വിചാരിച്ചു. ആമസോൺ മഴക്കാടുകളെ രക്ഷിക്കാനാണ് ഞാൻ പോരാടുന്നതെന്ന്. ഇപ്പോൾ ഞാൻ തിരിച്ചറിയുന്നു, പോരാട്ടം മനുഷ്യരാശിക്കു വേണ്ടിയാണെന്ന്.

*-ചിക്കോ മെൻഡസ് (ബ്രസീലിയൻ പരിസ്ഥിതി പ്രവർത്തകൻ)*

മരം നടുന്നയാൾ സഹജീവികളെ സ്നേഹിക്കുന്നു.

*-ഇംഗ്ലീഷ് പഴമൊഴി*

മരം എത്ര ഉയരത്തിൽ വളർന്നാലും, കൊഴിയുന്ന ഇലകൾ വേരുകളിലേക്ക് മടങ്ങുന്നു.

*-മലയൻ പഴമൊഴി*

മണ്ണ് വിണ്ണിലെഴുതുന്ന കവിതകളാണ് മരങ്ങൾ. നമ്മളവയെ മുറിച്ചുവീഴ്ത്തി കടലാസാക്കുന്നു. നമ്മുടെ പൊള്ളത്തരങ്ങൾ രേഖപ്പെടുത്താൻ.

*-ഖലീൽ ജിബ്രാൻ*



ജീവിതത്തിന്റെ ലളിതപാഠങ്ങൾ

അക്കു

# കൂട്ടുജീവിതത്തിന്റെ പാഠങ്ങൾ

**സ്വന്തം ജീവിതം അവനവനും മറ്റുള്ളവർക്കും അസ്വസ്ഥത മാത്രം സമ്മാനിക്കുന്നതെന്തുകൊണ്ട് എന്ന അലട്ടലുകളിൽനിന്നാണ് ചന്ദ്രൻ ക്രമേണ 'അകത്തേക്ക്' നോക്കിത്തുടങ്ങിയത്. മതാത്മകമല്ലാത്ത ഈ അന്വേഷണയാത്രയുടെ അനുഭൂതികളിൽ പങ്കുവെക്കാനുള്ള സവിശേഷമായ കഴിവ് ചന്ദ്രനുണ്ടായിരുന്നു.**



*മൂൺസ് ചന്ദ്രൻ*

മൂൺസ് ചന്ദ്രന്റെ ഓർമ്മകൾ പെയ്യുകയാണ്. 2005 ജൂലൈ 7ന് ചെന്നൈയിൽ വാഹനാപകടത്തിൽ മരണപ്പെട്ട ചന്ദ്രൻ എന്ന പ്രിയസുഹൃത്തിന്റെ ഓർമ്മകൾ കർക്കടകപ്പെരുമഴയായി പെയ്തുകൊണ്ടേയിരിക്കുന്നു.

1987ലാണ് ചന്ദ്രനുമായി സൗഹൃദം തുടങ്ങുന്നത്. അന്ന് തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഒരു തെരുവുനാടക സംഘം സജ്ജമാക്കുന്നതിന്റെ അണിയറ പ്രവർത്തനങ്ങൾക്കായി ഒത്തുചേർന്ന കൂട്ടത്തിൽ ഞങ്ങളുമുണ്ടായിരുന്നു.

റിഹേഴ്സലിന്റെ ഇടവേളയിൽ ചന്ദ്രൻ ചെണ്ടയിൽ താളം പിടിച്ചു പാടും. "എന്നും ചിരിക്കുന്ന സൂര്യന്റെ ചെങ്കതിർ...." സംഗീകതത്തോടും താളത്തോടുമെല്ലാം വല്ലാത്തൊരു അഭിനിവേശം ചന്ദ്രനുണ്ടായിരുന്നു. ശുദ്ധസംഗീതമായിട്ടല്ല, ജീവിതത്തിന്റെ ഭാഗമായിട്ടുള്ള താളമായിരുന്നു ചന്ദ്രന് സംഗീതം. അതുകൊണ്ടാക്കെത്തന്നെ, ചന്ദ്രന്റെ വീട്ടിലും പണിസ്ഥലത്തും യാത്രകളിലും ക്യാമ്പുകളിലും ഒത്തുകൂടുമ്പോഴെല്ലാം ഞങ്ങളും ചന്ദ്രനോടൊപ്പം പാട്ടുകൾ പാടി. താളംപിടിച്ചു. ഗായകൻമാരെയും സംഗീതജ്ഞൻമാരെയും ചുമതലയേല്പ്പിച്ച്, ജീവിതത്തിൽ നിന്ന് നാം ആട്ടിയോടിച്ച് ആദിമ ജീവിതതാളം ഞങ്ങൾക്കെല്ലാം തിരിച്ചുകിട്ടിയ നാളുകൾ!

ഔപചാരിക വിദ്യാഭ്യാസത്തിനായി അധികം മെനക്കെടാതെ അഞ്ചാം ക്ലാസ്സ് വിട്ടുപോന്നതുകൊണ്ടാകാം, ചന്ദ്രന് അറിയാത്ത കാര്യങ്ങളുടെ നേരെ, ലോകത്തിനു നേരെ, ഒരു വിസ്മയക്കണ്ണുണ്ടായിരുന്നു. ചെങ്കല്ല് വെട്ടിയും വാഴയില മുറിച്ചുവിറ്റും കള്ളുഷാപ്പിൽ സപ്ലയർ ആയും പരസ്യ കലാകാരനായും കച്ചവടക്കാരനായും സ്റ്റുഡിയോക്കാരനായും വിവിധ വേഷങ്ങളിൽ ഉപജീവനം നടത്തുമ്പോഴും രാഷ്ട്രീയവും ശാസ്ത്ര സാഹിത്യ പരിഷത്തും സാക്ഷരതാ പ്രസ്ഥാനവും നാടകപ്രവർത്തനം, പരിസ്ഥിതി പ്രവർത്തനം, വിദ്യാഭ്യാസ പ്രവർത്തനം, പ്രകൃതി ജീവനം, യാത്രകൾ, വായന, സൗഹൃദം, സ്പിരിചാലിറ്റി.... ഇവയൊക്കെ കൂടെക്കൊണ്ടുനടന്ന കാലങ്ങളിലും തുറന്നുവെച്ച വിസ്മയക്കണ്ണ് നൽകിയ അറിവുകൾ ചന്ദ്രനെ നിരന്തരം മാറ്റിപ്പണിതുകൊണ്ടിരുന്നു. അതുകൊണ്ടു തന്നെ ചന്ദ്രന്റെ ഇടപെടലിന് എപ്പോഴും പുതുമ അനുഭവപ്പെട്ടിരുന്നു. പുതുമ കാണുന്ന കൗതുകത്തോടെ ലോകത്തെ നിരീക്ഷിക്കുന്നതിന്റെ രസം എനിക്കു പകർന്നുതന്നത് ചന്ദ്രന്റെ സഹവാസമാണ്.

കൂട്ടുജീവിതത്തിന്റെ നന്മകളിലൊന്ന് പങ്കുവെയ്പാണ്. ഭൗതികവസ്തുക്കൾ മാത്രമല്ല, അനുഭവങ്ങളും അറിവുകളും ചിന്തകളും സ്വപ്നങ്ങളുമെല്ലാം കൂട്ടത്തിന് പങ്കുവെച്ച് നൽകുക. ചന്ദ്രന്റെ ജീവിതം ഞാനടക്കമുള്ള സുഹൃത്തുക്കളെയെല്ലാം പഠിപ്പിച്ചത് കൂട്ടുജീവിതത്തിന്റെ നിലനിർത്തേണ്ട ഇത്തരം ചില നന്മകളാണ്.

ചന്ദ്രൻ വീടുവെച്ചതോടെ അതു ഞങ്ങളുടെയെല്ലാം വീടായി. ഞങ്ങൾ കുടുംബത്തോടൊപ്പം അവിടെ ഇടക്കിടെ ഒത്തുകൂടി. ചന്ദ്രന്റെ പരസ്യകലാമുറി ഞങ്ങൾ നിത്യവും ഒത്തുചേരുന്ന താവളമായിരുന്നു. ചന്ദ്രന്റെ ബൈക്കിലും ജീപ്പിലും ഞങ്ങൾ ഒരുപാട് ഊരുചുറ്റി.

അനുഭവങ്ങളും വിചാരങ്ങളും ചന്ദ്രൻ പങ്കുവെക്കാറുണ്ടായിരുന്നു. സ്വന്തം അബദ്ധങ്ങളും ചിലപ്പോൾ അരാജകമെന്നു തോന്നുന്ന ചിന്തകളും എല്ലാം തുറന്നുപറയുന്നതുകൊണ്ട് പലപ്പോഴും അത് തെറ്റിദ്ധാരണകൾക്കും തമാശകൾക്കും വഴിവെച്ചു. എങ്കിലും പങ്കുവെക്കപ്പെടുന്നതിലൂടെ കിട്ടുന്ന ആനന്ദവും ലാഘവത്വവും അക്കാലങ്ങളിൽ ശരിക്കും അനുഭവിച്ചിരുന്നു.

ഭൗതികമായി മാത്രം ചിന്തിച്ച്, ഭൗതികമായ കാര്യങ്ങളിൽ കെട്ടുപിണഞ്ഞ് നടക്കുന്ന ഞങ്ങൾക്കിടയിലേക്ക് 'അകക്കാഴ്ച'യുടെ അറിവുകൾ കൊണ്ടുവരുന്നതും ചന്ദ്രനാണ്. പങ്കുവെക്കലിലൂടെയും സംവാദങ്ങളിലൂടെയും ഞങ്ങളീ അറിവുകൾ വളർത്താൻ ശ്രമിച്ചു.

സ്വന്തം ജീവിതം അവനവനും മറ്റുള്ളവർക്കും അസ്വസ്ഥത മാത്രം സമ്മാനിക്കുന്നതെന്തുകൊണ്ട് എന്ന അലട്ടലുകളിൽനിന്നാണ് ചന്ദ്രൻ ക്രമേണ 'അകത്തേക്ക്' നോക്കിത്തുടങ്ങിയത്. മതാത്മകമല്ലാത്ത ഈ അന്വേഷണയാത്രയുടെ അനുഭൂതികളിൽ പങ്കുവെക്കാനുള്ള സവിശേഷമായ കഴിവ് ചന്ദ്രനുണ്ടായിരുന്നു.

ജീവിതത്തിന്റെ ലളിതപാഠങ്ങളിൽനിന്ന് വലിയ പാഠങ്ങൾ പഠിക്കാൻ ശീലിപ്പിച്ച പ്രിയസുഹൃത്തിന്റെ ഓർമ്മകൾ ഇപ്പോഴും പെയ്തൊഴിയുന്നില്ല.

ഐറിൻ എലിസബത്ത് എബി

# പറങ്ങോടടൻ കുന്നും വിശേഷങ്ങളും



## അബ്ദുള്ളക്കുട്ടി എടവണ്ണയുടെ 'മനുവിന്റെ സ്വപ്നങ്ങൾ'ക്കൊരു വായനക്കുറിപ്പ്

ഗ്രാമജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരു ഏടാണ് 'മനുവിന്റെ സ്വപ്നങ്ങൾ' എന്ന പുസ്തകം. കാരണം, കഥയുടെ പശ്ചാത്തലം ഗ്രാമജീവിതമാണ്. ഗ്രാമസൗന്ദര്യത്തിന്റെ ഖനികളായ കാട്, കാവ്, തോട്, കുന്ന് എന്നിവയെക്കുറിച്ച് കഥയിലുടനീളം പ്രതിപാദിക്കുന്നുണ്ട്. ഇത് ഈ പുസ്തകത്തിന്റെ ഒരു മേന്മയാണ്. പ്രകൃതിയുമായി കൂട്ടുകൂടാൻ ആഗ്രഹിക്കുന്ന മനു എന്ന കുട്ടിയാണ് ഈ നോവലിലെ മുഖ്യ കഥാപാത്രം. തന്റെ ഗ്രാമത്തിലെ പറങ്ങോടൻകുന്നിലേക്ക് കണ്ണും നട്ട് ഇരിക്കലാണ് അവന്റെ ഇഷ്ടവിനോദം. സ്കൂളിൽ പോകുന്നത് അവന് ഇഷ്ടമുള്ള കാര്യമല്ല. പഠനത്തിൽ താൽപര്യം ഇല്ലാഞ്ഞിട്ടല്ല, അവന്റെ മനസ്സിനെ പൊള്ളിച്ച അഥവാ എന്നും നീറ്റിച്ചുകൊണ്ടിരിക്കുന്ന പല സംഭവങ്ങളും നടന്നത് അവന്റെ വിദ്യാലയത്തിൽ വെച്ചാണ് എന്നതാണ് അവനെ സ്ക്കൂളിൽ പോകുന്നതിൽ നിന്നും പിന്നോട്ട് വലിച്ച കാര്യം. വീട്ടിൽ അച്ഛൻ മണികണ്ഠനും വിദ്യാലയത്തിൽ അവന്റെ സഹപാഠികളും മാസ്റ്റർമാരും അവന്റെ മനസ്സിലെ നിറങ്ങൾ തല്ലിക്കെടുത്തിയവരാണ്. അങ്ങനെ എല്ലാവർക്കും അവൻ അന്യനായപ്പോഴാണ് പറങ്ങോടൻകുന്ന് അവന്റെ അഭയകേന്ദ്രമായി മാറിയത്.

അമ്മയുടെ നിർബന്ധമാണ് അവനെ ചിലപ്പോഴെങ്കിലും സ്കൂളിൽ അയച്ചത്. അങ്ങനെ പോയ ഒരു ദിവസമാണ് വിദ്യാലയത്തിൽ ഒരു വഴക്കുണ്ടാവുന്നതും അവൻ ക്ലാസ്സിൽ നിന്നും പുറത്താവുന്നതും. മാതാപിതാക്കളെ കൊണ്ടുവരാതെ ക്ലാസ്സിൽ കയറാൻ കഴിയില്ല എന്ന സ്ഥിതിയായി. മദ്യപനായ അച്ഛനോട് സ്ക്കൂളിൽ നിന്നും പുറത്തായ കാര്യം പറഞ്ഞാൽ പിന്നെ അവന് സ്ക്കൂളിൽ കയറേണ്ടി വരില്ല എന്നറിയാവുന്നതിനാലാവണം അവൻ ഈ കാര്യം രഹസ്യമായി സൂക്ഷിച്ചത്. ഈ സംഭവങ്ങൾ എല്ലാം മനുവിന്റെ മനസ്സിനെ പിടിച്ചുലച്ചതാവാം മനുവിന്റെ തിരോധാനത്തിൽ കലാശിച്ചത്. അങ്ങനെ ദുഃഖപൂർണ്ണമായി കഥ അവസാനിക്കുമ്പോൾ മനു ഒരു നൊമ്പരമായി വായനക്കാരന്റെ മനസ്സിൽ അവശേഷിക്കുന്നു.

ഈ കഥ തന്മയത്വത്തോടെ വളരെ ഭംഗിയായി അവതരിപ്പിക്കാൻ കഥാകൃത്ത് അബ്ദുള്ളക്കുട്ടി എടവണ്ണയ്ക്ക് സാധിച്ചിട്ടുണ്ട്. സ്വപ്നങ്ങളുടേയും പ്രകൃതിയുടേയും കൂട്ടുകാരനായ മനുവിന്റെ കഥ പറയുന്ന ഈ പുസ്തകത്തിലെ മറ്റു മുഖ്യ കഥാപാത്രങ്ങൾ മനുവിന്റെ അമ്മ, മനുവിന്റെ അച്ഛൻ മണികണ്ഠൻ, മനുവിന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ മൻസൂർ അഹമ്മദ് തുടങ്ങിയവരാണ്.

ഗ്രാമജീവിതത്തിന്റെ സുഖം പകരുന്ന ഈ നോവൽ നഗരവാസികളായ കുട്ടികൾക്ക് ഒരു പുതിയ അനുഭവമായിരിക്കും.

*(അലനല്ലൂർ ഗ്യാലക്സി ഇംഗ്ലീഷ് സ്കൂളിൽ അഞ്ചാം തരം വിദ്യാർത്ഥിനിയാണ് ഐറിൻ)*

---

ചെറിയ വലിയ കാര്യങ്ങൾ

ലിമാ ന്യൂസ് ഡെസ്ക്

# ഇന്ത്യ ശാന്തി കുറഞ്ഞ രാജ്യമെന്ന് പഠനം

ശാന്തി കുറഞ്ഞ രാജ്യങ്ങളുടെ പട്ടികയിൽ ആണ് ഇന്ത്യയെന്ന് പഠനം. 2010 ലെ ഗ്ലോബൽ പീസ് ഇൻഡക്സ് (G.P.I) റിപ്പോർട്ടിലാണ് ഈ കാര്യം പറയുന്നത്. സാമ്പത്തിക ശാസ്ത്രവും വ്യാപാരവും ശാന്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക്സ്

ആന്റ് പീസി (IEP) ന്റെ G.P.I റിപ്പോർട്ട് ഈയടുത്താണ് പുറത്തുവന്നത്. ഏറ്റവും സമാധാനം കുറഞ്ഞ 148 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 128 ആണ്. കഴിഞ്ഞ വർഷം 122 ആയിരുന്നു ഇന്ത്യയുടെ റാങ്ക്. സമാധാനത്തിന്റെ കാര്യത്തിൽ ഇന്ത്യയേക്കാളും താഴെയാണ് പാക്കിസ്ഥാൻ, ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ തുടങ്ങിയ അയൽ രാജ്യങ്ങൾ. എന്നാൽ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവർ സമാധാന കാര്യത്തിൽ ഇന്ത്യയേക്കാളും മുമ്പിലാണ്. വിവിധ സംഘർഷങ്ങളും മനുഷ്യാവകാശ പ്രശ്നങ്ങളുമൊക്കെയായി സൗത്ത് ഏഷ്യൻ രാജ്യങ്ങളുടെ സാമാധാനഗ്രാഫ് മുമ്പത്തേതിനേക്കാൾ താഴെയാണെന്നാണ് പഠനം ചൂണ്ടിക്കാണിക്കുന്നത്. ലോകത്ത് മുഴുവനും ഈയൊരു ട്രെന്റാണ് ഈ വർഷം കാണുന്നതെന്നാണ് പറയുന്നത്. കൂടുതൽ സമാധാനം അനുഭവപ്പെടുന്ന രാജ്യങ്ങൾ പൊതുവെ പടിഞ്ഞാറൻ യൂറോപ്പും കാനഡയുമൊക്കെയാണ്. സമാധാനം അനുഭവപ്പെടുന്ന രാജ്യങ്ങളുടെ പട്ടികയിൽ 85-ാം റാങ്കാണ് അമേരിക്കയ്ക്ക്. അതിനു തൊട്ടു താഴെയായി ഇന്തോനേഷ്യയും യു.എ.ഇ യും എല്ലാമുണ്ട്.

ന്യൂസ്‌ലാന്റാണ് ഏറ്റവും സമാധാനം പുലരുന്ന രാജ്യം. ഐസ്‌ലാന്റും ജപ്പാനും തൊട്ടു താഴെയുണ്ട്.

ഏറ്റവും കുറച്ച് സമാധാനം നിലനിൽക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ സോമാലിയ, അഫ്ഗാനിസ്ഥാൻ, സുഡാൻ എന്നിവക്കൊപ്പം ഇറാഖുമുണ്ട്.

ഏഷ്യാ - പസഫിക് രാജ്യങ്ങളിൽ 25-ൽ 19-ാം റാങ്കാണ് സമാധാന കാര്യങ്ങളിൽ ഇന്ത്യയ്ക്ക്.

# പറവകൾ കൂടു മാറ്റുന്നു

ആവാസവ്യവസ്ഥകളുടെ നാശം പറവകളെ കൂടു മാറ്റത്തിന് പ്രേരിപ്പിക്കുന്നു. ഉയർന്ന മരങ്ങളുടെ ഇലച്ചാർത്തിനു മറവിൽ മാത്രം കൂടു കെട്ടാറുള്ള പക്ഷികൾ ഇപ്പോൾ ഇലക്ട്രിക് പോസ്റ്റിന്റെ മണ്ടയിൽ പോലും കൂടുകൾ കെട്ടുന്നു. പക്ഷി നിരീക്ഷകരായ സി. സുശാന്ത്, എസ്. എസ്. അനൂജ് എന്നിവരുടെ പഠനത്തിലാണ് ഇക്കാര്യം ശ്രദ്ധയിൽപെട്ടത്. തിരുവനന്തപുരം വെള്ളായണി - പുഞ്ചക്കരി നീർത്തടങ്ങൾക്കരികിലുള്ള ഇലക്ട്രിക് പോസ്റ്റിൻമേലാണ് ആനറാഞ്ചി (ബ്ലാക്ക് ഡ്രോങ്കോ) പക്ഷി കൂടുകൂട്ടി മുട്ടയിട്ടതായി കണ്ടത്. മരങ്ങളിൽ മാത്രം കൂടു കെട്ടി ശീലമുള്ള ഇക്കൂട്ടരെ നീർത്തടത്തിന്റെ നാശവും മരങ്ങളുടെ ദൗർലഭ്യവുമാണ് ഇലക്ട്രിക് പോസ്റ്റിൽ കൂടു നിർമ്മിക്കാൻ പ്രേരിപ്പിച്ചതെന്നു കരുതുന്നു. ഇങ്ങനെ അസ്വാഭാവിക ചുറ്റുപാടിൽ ആനറാഞ്ചികൾ കൂടു കെട്ടി കാണുന്നത് ആദ്യമായിട്ടാണെന്നാണ് വിദഗ്ധർ പറയുന്നത്.

**മൊബൈൽ ഉപഭോക്താക്കൾക്ക് ഒരു കൂട്ടായ്മ**

# മൊബൈൽ ഫോൺ: വീണ്ടുവിചാരത്തിന്റെ പ്രസക്തി

പുതിയ കാലത്ത് മൊബൈൽ ഫോൺ ഒരു ശീലമോ ജീവിതചര്യയോ ശരീരത്തിന്റെ ജീവനില്ലാത്ത ഒരു ഭാഗം തന്നെയോ ആയി മാറിയിട്ടുണ്ട്. ഒരുപാട് സൗകര്യങ്ങൾ തരുമ്പോഴും ഒപ്പം അസൗകര്യങ്ങളുടെയും പൊറുതികേടുകളുടെയും കൂടി പഴി മൊബൈൽഫോണിനും അതിന്റെ ഉപയോഗത്തിനും ചാർത്തപ്പെടുന്നുണ്ട്. സ്വകാര്യതയും വ്യക്തിസ്വാതന്ത്ര്യവും പോലും മൊബൈൽ കമ്പനിക്കാർ അപഹരിക്കുന്നതായി പരാതി ഉയരുന്നു. അനുവാദമില്ലാതെ വരുന്ന പരസ്യകോളുകളും പരസ്യസന്ദേശങ്ങളും പ്രായമോ സന്ദർഭമോ നോക്കാതെയുള്ള കൊച്ചുവർത്തമാനങ്ങളും പലപ്പോഴും സഹനത്തിന്റെ പരിധിക്കു പുറത്താകുന്നു.

മൊബൈൽ ഉപഭോക്താവ് എന്ന നിലയിൽ പലപ്പോഴും തോന്നിയിട്ടുള്ള ചെറുതും വലുതുമായ ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കാനും പരിഹാരം കാണാനുമുള്ള ഒരു സംരംഭത്തെക്കുറിച്ച് ആലോചിക്കുന്നു. നിങ്ങളുടെ ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കുമല്ലോ.

മൊബൈൽ ഫോൺ കൺസ്യൂമർ നെറ്റ്‌വർക്ക്
C/o ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ. ഫോൺ: 9946428284

# ഫോട്ടോ പ്രദർശനം

പ്രശസ്ത ഫോട്ടോഗ്രാഫർ ഹസൻ മമ്പാടിന്റെ വൈവിധ്യമാർന്ന ക്യാമറക്കാഴ്ചകളുടെ അപൂർവ്വശേഖരം. സ്കൂൾ - കോളേജ്, നേച്ചർ ക്ലബ്ബുകൾ, എൻ.എസ്.എസ് യൂണിറ്റുകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയ്ക്ക് പ്രദർശിപ്പിക്കാൻ അനുയോജ്യം.

ബന്ധങ്ങൾക്ക്: 9605111353

**ചെറുമാസികാ പരിചയം**

# പ്ലാവില മാസിക




സമകാലിക സാഹിത്യത്തിന്റെ ഉണർവ്വിന്റെ മുഖം പ്രദർശിപ്പിക്കുന്ന കുഞ്ഞുമാസിക. 32 പേജിൽ 1/8 സൈസിൽ ലേഔട്ടിലും ചിത്രീകരണത്തിലും ലാളിത്യവും പുതുമയും. മനോജ് കൊയ്യം, കെ.പി. ശിവദാസൻ, മധു പനക്കാട്, സോമൻ കടലൂർ എന്നിവർ നേതൃത്വം.

വിലാസം: പ്ലാവില സമാന്തര മാസിക,
കടലൂർ പി.ഒ, കോഴിക്കോട് - 673531
ഫോൺ: 9847651559

## വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്, നേരിൽ

**വായനയുടെ പക്ഷം**




ലിമാ ജൂൺ ലക്കം വായിച്ചു. 'ആൽജീവിതം', 'കണ്ണാടിക്കൂടുകളിലെ ജീവിതം, 'ചെറുതിന്റെ വിസ്മയ ലോകം'... ഇങ്ങനെയിങ്ങനെ ചെറിയവയുടെ ഊർജ്ജം നിറച്ചുണ്ട് പുതിയ ലക്കത്തിൽ. ഇടക്ക് നഷ്ടപ്പെട്ടിരുന്ന അതേ ഊർജ്ജം! നല്ല സന്തോഷം തോന്നുന്നു - വായന.

*പ്രതീഷ് എം.പി.*

'സെയിൽസ് എക്സിക്യൂട്ടീവ് എന്ന യുവകെണി' (ഏപ്രിൽ ലക്കം) മുജീബ് റഹ്മാൻ ചെമ്മലയുടെ കുറിപ്പ് മാറിച്ചിന്തിക്കാൻ പ്രേരണയായി. ലിറ്റിൽ മാസിക ഏറെ ഇഷ്ടപ്പെട്ടു. വരിചേരാൻ ആഗ്രഹം.


*പൂന്നുടി എം.എ. റഹ്മാൻ, പുത്തൂർ പള്ളിക്കൽ*

ലിമാ 100-ാം ലക്കം വീണ്ടുമെടുത്ത് വായിക്കാൻ തോന്നി. ഇതേപോലെ 125-ാം ലക്കം ഒരു പ്രത്യേക പതിപ്പ് ആക്കിക്കൂടേ? ഇപ്പോഴേ ഒരുക്കം തുടങ്ങാം.

*എൽസി ടീച്ചർ, ഇടക്കൊച്ചി.*

കെ.ആർ ഹരിയുടെ 'ചെറുതിന്റെ വിസ്മയം' ചിത്രങ്ങൾ ഗംഭീരം. തീരെ ശ്രദ്ധിക്കാതെ പോകുന്ന ജീവിതത്തിന്റെ വിസ്മയവും സൂക്ഷ്മവുമായ ഇത്തരം മുഹൂർത്തങ്ങൾ ചിന്തനീയം. അഭിനന്ദനങ്ങൾ


*ഹസൻ മമ്പാട്*



July 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50

# ചെറുതിന്റെ വിസ്മയലോകം

# Journal of Small Things



# Little Masika




Chungathara P.O
Malappuram Dt.
Pin: 679334

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara